കേരള ഗ്രാമീൺ ബാങ്ക് എംപ്ലോയീസ് അസോസിയേഷൻ
(Affiliated to AIGBEA&AIBEA)
കേരള ഗ്രാമീൺ ബാങ്ക് ഓഫീസേഴ്സ് അസോസിയേഷൻ
(Affiliated to AIGBOA&AIBOA)
സെൻട്രൽ ഓഫീസ് : വി. കെ. കോംപ്ലക്സ് കണ്ണൂർ – 1

Cir 04/2022. 01/10/2022

# ജോയിന്റ് ഫോറം സമരം

സഖാക്കളേ,

ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുക, താത്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുക, BC നിയമനം അവസാനിപ്പിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ട് 2021 നവംബർ മാസം മുതൽ നാം മറ്റു സംഘടനകളോടൊപ്പം ചേർന്ന് ഒരു സംയുക്ത സമര രംഗത്തായിരുന്നുവല്ലോ. 44 ദിവസത്തെ നിസ്സഹകരണ സമരത്തിനൊടുവിൽ 10.02.2022 നു മാനേജ്മെന്റ്, സംഘടനകളുമായി ഒരു കരാറിൽ ഒപ്പുവച്ചു. 31.03.2022ന്റെ ബിസിനസ്സ് അടിസ്ഥാനത്തിൽ മിത്രാ കമ്മറ്റി ശുപാർശക്ക് അനുസൃതമായുള്ള നിയമനങ്ങൾ നടത്താമെന്നായിരുന്നു ആ കരാറിലെ സുപ്രധാന വ്യവസ്ഥ. എന്നാൽ ബാങ്ക് ഡയറക്ടർ ബോർഡിനെപ്പോലും നോക്കുകുത്തിയാക്കി വളരെ തുച്ഛമായ വേക്കൻസികൾ മാത്രമാണ് പ്രഖ്യാപിക്കപ്പെട്ടത്. മാനേജ്മെന്റിന്റെ നഗ്നമായ ഈകരാർ ലംഘനത്തിന് എതിരായാണ് നാം വീണ്ടുംഒരു പ്രക്ഷോഭ രംഗത്തേക്ക് കടക്കുന്നത്.

പ്രക്ഷോഭത്തിന്റെ രണ്ടു ഘട്ടം കഴിഞ്ഞു. നിസ്സഹകരണ സമരം 115 ദിവസം പിന്നിട്ടു. രണ്ടു ദിവസങ്ങളിലായി നടന്ന ഹെഡ്ഓഫീസ് ധർണകൾ വലിയ പങ്കാളിത്തത്തിലൂടെ വൻ വിജയങ്ങളായി തീർന്നു. ഒരു ഏകദിന പണിമുടക്കും ഒരു ദ്വിദിന പണിമുടക്കും നടന്നു. ഡയറക്ടർ ബോർഡ് അംഗങ്ങളെയും, സംസ്ഥാന ധനകാര്യമന്ത്രിയെയും, പ്രതിപക്ഷനേതാവിനെയും നേരിൽ കണ്ട് കാര്യങ്ങൾ ബോധ്യപ്പെടുത്തുകയും നിവേദനങ്ങൾ കൈമാറുകയും ചെയ്തു. മാനേജ്മെന്റുമായി 4 വട്ടം ചർച്ച നടത്തി. ചർച്ചകളിലൂടെ ആശാവഹമായ പുരോഗതി ഉണ്ടാക്കാൻ കഴിഞ്ഞെങ്കിലും ഈ വർഷത്തെ റിക്രൂട്ട്മെന്റിൽ വർധനവരുത്തുക എന്ന ഡിമാന്റിൽ മാത്രമാണ് പ്രശ്നങ്ങൾ അപരിഹാര്യമായി തുടരുന്നത്. ഈഘട്ടത്തിൽ നമ്മുടെ സംഘടനകളുടെ കേന്ദ്രകമ്മിറ്റി 25.09.2022 ചേരുകയുണ്ടായി. AIBEA/AIBOA സംസ്ഥാന നേതാക്കളുടെ സാന്നിധ്യത്തിൽ നടന്ന യോഗം സ്ഥിതി ഗതികളെ സൂക്ഷ്മമായിവിലയിരുത്തി.

ബാങ്ക് ശാഖകളിൽഅനുഭവിച്ചു കൊണ്ടിരിക്കുന്ന അതിരൂക്ഷമായ സ്റ്റാഫ് ഷോർട്ടജ് ഒരു കയ്പേറിയ യാഥാർഥ്യമായി ഇന്നും തുടരുകയാണ്. സമരത്തിന്റെ തുടക്കത്തിൽ ഈ വസ്തുതയോട് പുറംതിരിഞ്ഞു നിന്ന മാനേജ്മെന്റിന്റെ ഭാഗത്ത് ഉണ്ടായിരുന്ന കടുത്ത നിലപാടുകളിൽ, ഒട്ടേറെ അയവുവരുത്താൻ ചർച്ചകളിലൂടെ നമുക്ക് സാധിച്ചിട്ടുണ്ട്. സാധാരണ, വേക്കൻസികൾ അംഗീകരിക്കുന്ന ബോർഡ് മീറ്റിംഗുകൾ മെയ് ജൂൺ മാസങ്ങളിലാണ് നടക്കാറുള്ളത്. സമരത്തിന്റെ സാഹചര്യത്തിൽ ഇത്തവണ വളരെ നേരത്തെ, ജനുവരി മാസത്തിൽ തന്നെ, ഈ വിഷയത്തിൽ മാത്രമായി ഒരു പ്രത്യേക ബോർഡ് മീറ്റിംഗ് വിളിച്ചുചേർക്കാൻ തീരുമാനിച്ചിരിക്കയാണ്. മാത്രമല്ല, സർക്കാരിന്റെ നിർദേശങ്ങൾക്ക് വിരുദ്ധമായി, ഡയറക്ടർ ബോർഡിന്റെ അധികാരങ്ങളെ മറികടന്നു കൊണ്ട് സ്പോൺസർ ബാങ്ക് യാതൊരു ഉത്തരവാദിത്വബോധവുമില്ലാതെ വെട്ടിക്കുറവ് വരുത്തുന്ന നിയമന വേക്കൻസികൾ ബോർഡിനെ കൊണ്ട് അംഗീകരിപ്പിക്കുക എന്ന പതിവ് സമ്പ്രദായം അടുത്ത വർഷം മുതൽ മാറുകയാണ്. നമ്മുടെ ബാങ്ക് നാളിതു വരെ തുടർന്നു വരുന്ന രീതികളിൽ നിന്നുള്ള ഒരു വലിയ നയവ്യതിയാനമാണ് ഇവിടെ സംഭവിക്കുന്നത്. ഈ പുതിയ കീഴ്‌വഴക്കം കേവലം വേക്കൻസികളുടെ കാര്യത്തിൽ മാത്രമല്ല ജീവനക്കാർക്കും ബാങ്കിനും ഗുണകരമായ മറ്റു കാര്യങ്ങളിലും പുതിയ തുടക്കം കുറിക്കാൻ സഹായകരമാകും. ബോർഡ് മെമ്പർമാർക്കിടയിലുണ്ടായ അഭിപ്രായ ഭിന്നതകളും നമ്മുടെ സമരം മൂലംഉണ്ടായ സമ്മർദ്ദങ്ങളും കൊണ്ടു മാത്രമാണ് ഇങ്ങിനെ വലിയൊരു നയവ്യതിയാനം സംഭവിക്കുന്നത്. **2023 ജനുവരി മാസത്തിൽ ഒരു പ്രത്യേക ബോർഡ് മീറ്റിംഗ് കൂടി, ഡിസംബർ 2022 ന്റെ ബിസിനസ്സ് പൊസിഷൻ വച്ച്, മാർച്ച് 2023 ൽ പ്രതീക്ഷിക്കുന്ന ബിസിനസ്സ് അടിസ്ഥാനപ്പെടുത്തി, വേണ്ടത്ര വേക്കൻസികൾ ബോർഡ് കാലേക്കൂട്ടി പ്രസിദ്ധപ്പെടുത്തും എന്നാണ് മാനേജ്മന്റ് തരുന്നഉറപ്പ്.**

ഈ ഉറപ്പിന്റെ അടിസ്ഥാനത്തിൽ സമരം പിൻവലിക്കണമെന്ന അഭ്യർത്ഥന ഡയറക്ടർ ബോർഡ് തന്നെ ജോയിന്റ് ഫോറത്തിന്റെ മുൻപാകെ വെച്ചിരുന്നു. പക്ഷെ ഇത് പ്രകാരം പുതിയ ജീവനക്കാർ ബാങ്കിലേക്ക് കടന്നു വരുമ്പോഴേക്കും 2024ആകും എന്നതാണ് ഒരു തർക്കവിഷയം. ഇപ്പോൾ നടക്കുന്ന റിക്രൂട്മെന്റിനോടൊപ്പം തന്നെ കുറച്ചധികം പേർക്കുകൂടെനിയമനം ലഭിക്കുന്ന തരത്തിൽ ഒരു തീരുമാനം ഉണ്ടാവണമെന്നാണ് സംഘടനകളുടെ നിലപാട്. പക്ഷെ ഈ നിലപാടിന്റെ പ്രായോഗികത ഓരോ ദിവസം കഴിയുന്തോറും കുറഞ്ഞു വരുകയാണെന്ന യാഥാർഥ്യവും നാം തിരിച്ചറിയണം. ഇവിടെ ഒരു ചെറിയ വിട്ടുവീഴ്ച ചെയ്യുന്നതായിരിക്കും ഒരു പ്രായോഗിക സമീപനം എന്നും യോഗത്തിൽ അഭിപ്രായം ഉയർന്നു വന്നിരുന്നു.

ഈ കാലയളവിൽ ദേശീയ രംഗത്തും വലിയ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നുണ്ട്.

നമ്മുടെ മറ്റൊരു വലിയ ഡിമാൻഡായ ദിവസ വേതനക്കാരെ സ്ഥിരപ്പെടുത്തൽ സമരത്തിന്റെ പ്രാഥമിക ഘട്ടത്തിൽ ആശങ്കാജനകമായിരുന്നെങ്കിലും അടുത്ത കാലത്തായി, എ പി ഗ്രാമീൺ വികാസ് ബാങ്കിന്റെ കേസിൽ, വന്ന സുപ്രീം കോടതി ഡിവിഷൻ ബെഞ്ചിന്റെ വിധിയെ തുടർന്നു ഒരു ദിശാബോധം കൈവന്നിട്ടുണ്ട്. ബാങ്കുകൾക്ക് പ്രത്യേക സ്കീം തയ്യാറാക്കി താത്കാലിക ജീവനക്കാരെ സ്ഥിരപെടുത്താം എന്നതാണ് ഇവിധിയുടെ സാരം. കോടതി വിധികളുടെ നിയമ വശവും പ്രായോഗികതയും വിലയിരുത്തി സ്ഥിരപ്പെടുത്തൽ വിഷയത്തിന്റെ സാധ്യതകൾ ആരായാം എന്ന് ചർച്ചാ വേളയിൽ ജനറൽ മാനേജർ വാക്കാൽ ഉറപ്പു നൽകിയതുമാണ്. മേൽ ഉദ്ധരിച്ച കോടതി വിധി നമ്മുടെ ബാങ്കിന് നടപ്പിലാക്കാൻ ബാധ്യത ഒന്നുമില്ലെങ്കിലും, ഒരു സമവായത്തിലൂടെ ഇങ്ങനെ ഒരു കരാർ സാധ്യമായാൽ താത്കാലിക ജീവനക്കാരുടെ കാര്യത്തിൽ ഒരു പ്രതീക്ഷക്കു വകയുണ്ടെന്നും യോഗംവിലയിരുത്തി.

## ഡെപ്യൂട്ടി സെൻട്രൽ ലേബർ കമ്മീഷണറുടെ മുൻപാകെ നടന്ന അനുരഞ്ജന ചർച്ച

നമ്മുടെ ദേശീയ സംഘടനയായ ആൾ ഇന്ത്യാ ഗ്രാമീൺബാങ്ക് ഓഫീസേഴ്സ് അസോസിയേഷന്റെ (AIGBOA) ജനറൽ സെക്രട്ടറി സഃ D N ത്രിവേദി കൺവീനർ ആയുള്ള ജോയിന്റ് ഫോറം ഓഫ് ഗ്രാമീൺ ബാങ്ക് യൂണിയൻസിന്റെ JFGBU സമര നോട്ടീസിന്റെ അടിസ്ഥാനത്തിൽ, ഡെപ്യൂട്ടി സെൻട്രൽ ലേബർ കമ്മിഷണർ 05/08/2022 നു വിളിച്ചുചേർത്തഅനുരഞ്ജനയോഗത്തിൽ ഉയർന്നു വന്ന പ്രധാനപ്പെട്ട മൂന്ന് ഡിമാന്റുകൾ പരിഗണിക്കാമെന്ന് NABARD , DFS , സ്പോൺസർ ബാങ്കുകൾ RRBs തുടങ്ങിയവരുടെ പ്രതിനിധികൾസമ്മതിച്ചിരുന്നു. അതിൽ ആദ്യത്തേത് നടപ്പിലാക്കാനുള്ള ഉത്തരവ് 14/09/2022 ഇറങ്ങികഴിഞ്ഞു. ആ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 11 -ാം ഉഭയകക്ഷി കരാർ/8-ാം ജോയിന്റ് നോട്ട് പ്രകാരമുള്ളതും ഗ്രാമീണ ബാങ്കുകൾക്ക് തടഞ്ഞു വെക്കപ്പെട്ടതുമായ ആനുകൂല്യങ്ങൾ മുഴുവൻ തന്നെ നമ്മുടെ ബാങ്കിലും നടപ്പിലാക്കി തുടങ്ങിയിരിക്കയാണ്. അതിന്റെ ആദ്യ ഗഡു ഇന്നലെ ജീവനക്കാരുടെ അക്കൗണ്ടിൽ എത്തികഴിഞ്ഞു. ഓഫീസർമാർക്കുള്ള ലേർണിംഗ്അലവൻസ് (DA ഉൾപ്പെടെ), ലൊക്കേഷൻ അലവൻസ്, എല്ലാവർഷത്തിലുമുള്ള 5/7 PL സറണ്ടർ സൗകര്യം, പെർഫോമൻസ് ലിങ്ക്ഡ് ഇൻസെന്റീവ് PLI എന്നീആനുകൂല്യങ്ങൾ മുൻകാല പ്രാബല്യത്തോടെ നമുക്ക് ലഭ്യമായിരിക്കയാണ്.

05/08/2022 നു നടന്ന യോഗത്തിലെ മറ്റൊരു പ്രധാന ഡിമാൻഡ് ആയിരുന്നു മതിയായ റിക്രൂട്മെന്റുകൾ നടത്തുക എന്നത്. ആ ലക്ഷ്യത്തിലേക്കുള്ള നടപടിക്രമങ്ങൾ അതിവേഗം പുരോഗമിക്കുന്നുണ്ട്. നമ്മുടെ ബാങ്കുമായും DFS/Sponsor Bank/ NABARD എന്നിവിടങ്ങളിൽ നിന്നുള്ള എഴുത്തു കുത്തുകൾ നടക്കുന്നതായാണ് അറിയാൻ കഴിഞ്ഞത്. ഇതിന്റെ ഗുണഫലങ്ങൾ ഒരു പക്ഷെ ഈ വർഷം തന്നെ ഉണ്ടായേക്കാം.

BC വിഷയത്തിൽ RBI പോളിസി പ്രകാരമുള്ള നിബന്ധനകൾക്ക് വിധേയമായി മാത്രം  അതായത് ബാങ്കിന്റെ 5 കിലോമീറ്റർ പരിധിക്കു പുറത്തു മാത്രമായി BC സേവനം പരിമിതപ്പെടുത്തുക എന്നതാണ നമ്മുടെ നയം. ക്ലർക്കിനുപകരം BC എന്നത് നാം എതിർക്കും എന്ന് ചുരുക്കം.

സെൻട്രൽ കമ്മിറ്റി മേൽ സൂചിപ്പിച്ച എല്ലാ കാര്യങ്ങളും വസ്തുനിഷ്ഠമായി വിലയിരുത്തി. ഈ സാഹചര്യത്തിൽ, അടുത്ത ഘട്ട സമരങ്ങളായ അനിശ്ചിതകാല സമരമുറകളിലേക്കു കടക്കേണ്ടതില്ല എന്നും യോഗം അഭിപ്രായപ്പെട്ടു. അത്തരം ഒരു സമരത്തെ താങ്ങാനുള്ള ശേഷി നമ്മുടെ ബാങ്കിന് ഇപ്പോഴില്ല. മാത്രമല്ല ബോർഡ് നിർദേശിച്ച സ്പെഷ്യൽ ബോർഡ് മീറ്റിംഗ് വേക്കൻസികൾ നിർണയിക്കുന്നത് ഡിസംബറിന്റെ ബിസിനസ്സ് അടിസ്ഥാനത്തിലാണ്. വലിയ സമരങ്ങൾ ബിസിനസ്സിനെ സാരമായിത്തന്നെ ബാധിക്കും എന്നത്നാം തിരിച്ചറിയണം. ഇത് വരാൻപോകുന്ന വേക്കൻസി നിർണ്ണയത്തെയും പ്രതികൂലമായിബാധിക്കും.  ആയത് കൊണ്ട് നമ്മുടെ അപെക്സ് സംഘടനകളായ AIBEA/AIBOA നേതാക്കളുടെയും മറ്റു തൊഴിലാളി നേതാക്കളുടെയും സഹായത്തോടെ ബാഹ്യ സമ്മർദ്ദങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി, ഒരു സമവായത്തിലൂടെ പ്രശ്നം പരിഹരിക്കണമെന്നും കമ്മിറ്റി നിർദേശിച്ചു.

28/09/2022 നു മലപ്പുറത്ത് ചേർന്ന ജോയിന്റ് ഫോറം മീറ്റിംഗിൽ നാം നമ്മുടെ നിർദ്ദേശങ്ങൾ മുന്നോട്ടു വെച്ചെങ്കിലും, അനിശ്ചിതകാല നിരാഹാരസമരം പ്രഖ്യാപിച്ചു കൊണ്ട് മുന്നോട്ടു പോവാൻ തന്നെ ആയിരുന്നു മറ്റു രണ്ടു സംഘടനകളുടെയും തീരുമാനം. ജോയിന്റ് ഫോറം മീറ്റിംഗിലെ സംഭവ വികാസങ്ങൾ സംഘടനയുടെ പ്രധാന ഭാരവാഹികൾവീണ്ടും വിലയിരുത്തി. ഈ വിഷയങ്ങളിൽ സംഘടനാ നേതാക്കൾ എല്ലാ മെമ്പർമാരെയും നേരിട്ടു ബന്ധപ്പെടുകയും അവരുടെ അഭിപ്രായങ്ങളും നിർദേശങ്ങളും ആരായുകയും ചെയ്തു. ഇതിന്റെ എല്ലാം അടിസ്ഥാനത്തിൽ 2023 ജനുവരി വരെ എല്ലാ സമരപരിപാടികളും മാറ്റി വെയ്ക്കാൻ സംഘടന തീരുമാനിച്ചു.  അതോടൊപ്പം നമ്മുടെ ദേശീയ സംഘടനകളായ AIGBEA/AIGBOA ദേശീയ തലത്തിൽ വിജയകരമായി നടത്തിവരുന്ന പ്രവർത്തനങ്ങളിൽ വേക്കൻസി

വർദ്ധനവിനുള്ള തീരുമാനം എത്രയും വേഗം ഫലപ്രാപ്തിയിൽ എത്തിക്കാനുള്ള പ്രവർത്തനങ്ങൾ ദേശീയനേതാക്കളുമായി ബന്ധപ്പെട്ടുകൊണ്ടു ഊർജിതപ്പെടുത്താനുംതീരുമാനിച്ചു.

സഖാക്കളേ,

നമ്മുടെ പ്രക്ഷോഭപരിപാടികൾ, നിസ്സഹകരണം ഉൾപ്പെടെ, 2023 ജനുവരി അവസാനം വരെ നാം മാറ്റിവച്ചിരിക്കയാണ്. റിക്രൂട്മെന്റ് കാര്യത്തിൽ DFS തലത്തിൽ അനുകൂല തീരുമാനം ഒരു പക്ഷെ ഉടൻ ഉണ്ടായേക്കും നമ്മുടെ കേന്ദ്ര സംഘടനാ നേതാക്കൾ ഇത് കൃത്യമായി ഫോളോഅപ്പ് ചെയ്യുന്നുണ്ട്. മറ്റു കാര്യങ്ങളിൽ ബാങ്ക് തലത്തിൽ ചെയ്യേണ്ടഫോളോഅപ്പ് വർക്കുകളും, ചർച്ചകളും സമ്മർദ്ദങ്ങളും നാം തുടരും. നാം സമരപരിപാടികളിൽ നിന്നും തൽകാലം മാറിനിൽക്കുകയാണെങ്കിലും മറ്റുസംഘടനകൾ സമരരംഗത്തു തുടരുന്ന പക്ഷം അവർക്കു വേണ്ടുന്ന എല്ലാ ധാർമിക പിന്തുണയും നാം നൽകേണ്ടതുണ്ട്. 2023 ജനുവരിയോടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടും എന്ന് തന്നെയാണ് നാം കരുതുന്നത്. അല്ലാത്ത പക്ഷം ശക്തമായ സമര പരിപാടികൾക്കായി തയാറായിരിക്കുക

അഭിവാദനങ്ങളോടെ

| | |
|---|---|
| മിഥുൻ.എസ്.കുമാർ | വിവേക് ടി.ജി |
| ജനറൽസെക്രട്ടറി | ജനറൽസെക്രട്ടറി |
| KGBOA | KGBEA |
| P-h. 9995392084 | Ph. 7907442492 |